കേരള സർക്കാർ

നമ്പർ : 2826/ബി1/09/വി.സ.വ

വിവര സാങ്കേതിക വിദ്യാ (ബി) വകുപ്പ്,
തിരുവനന്തപുരം,
തീയ്യതി : 30.07.09.

## സർക്കുലർ

വിഷയം :- വിവര സാങ്കേതിക വിദ്യാവകുപ്പ് - വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ മലയാളത്തിൽ ആക്കുന്നതിന് നടപടി സംബന്ധിച്ച്

സൂചന :- 21.08.08 - ലെ സ.ഉ. (എം.എസ്.) 31/08/വി.സ.വ സർക്കാർ ഉത്തരവ്

സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുകയും സർക്കാരും ജനങ്ങളും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുകയും ചെയ്യുന്നതിനുവേണ്ടി വിവര വിനിമയ സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. വെബ്സൈറ്റുകൾ വഴി നൽകുന്ന വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കിയാൽ മാത്രമേ വിവര വിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം സാധാരണക്കാരിലേയ്ക്കും എത്തിക്കുവാൻ കഴിയുകയുള്ളൂ. സർക്കാരിന്റെ വെബ്സൈറ്റുകൾ മലയാളത്തിൽകൂടി ലഭ്യമാക്കണമെന്ന് സർക്കാരിന്റെ 2007 ലെ ഐ.ടി. നയം വിഭാവനം ചെയ്തിട്ടുണ്ട്.

2007 - ൽ കൂടിയ ഔദ്യോഗിക ഭാഷാ സംസ്ഥാനതലസമിതി യോഗം ഇക്കാര്യം വിശദമായി ചർച്ചചെയ്യുകയും ഇപ്പോൾ ഇംഗ്ലീഷ് ഭാഷയിലുള്ള വെബ്സൈറ്റുകളിൽ മലയാള പരിഭാഷകൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഉയർന്നു വരുകയും ഇതിനു വേണ്ട നടപടികൾ ഔദ്യോഗിക ഭാഷാ വകുപ്പിൽ ആരംഭിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ഐ.ടി. വകുപ്പ് നടത്തിവരുന്ന മലയാളം കമ്പ്യൂട്ടിംഗ് പ്രചരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ സർക്കാർ ഓഫീസുകളിൽ തയ്യാറാക്കപ്പെടുന്ന കത്തുകളും മറ്റു വിവരങ്ങളും യൂണികോഡ് അധിഷ്ഠിതമായിരിക്കണമെന്ന്

ശുപാർശ ചെയ്യുകയും ഇത് വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണസ്ഥാപനങ്ങളിലും വെബ്സൈറ്റുകൾ നിർമ്മിക്കുന്നതിന് യൂണികോഡ് അധിഷ്ഠിത മലയാളം ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണെന്ന് മേൽസൂചന പ്രകാരം ഉത്തരവ് നൽകിയിട്ടുമുണ്ട്.

വെബ്സൈറ്റുകൾ മലയാളത്തിലാക്കുന്നത് സംബന്ധിച്ച് നിയമസഭയിൽ സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ മലയാളത്തിൽ ആക്കുന്നതിന് അതാത് വകുപ്പുകൾ മുൻകൈ എടുത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സെക്രട്ടറി
ഡോ. അജയ് കുമാർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐടി മിഷൻ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
രജിസ്ട്രാർ, സി-ഡിറ്റ്
എല്ലാ വകുപ്പ് അധ്യക്ഷൻമാർക്കും പൊതുമേഖലാ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ മേധാവികൾക്കും
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ